


# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass**
**SCRIPTURE READINGS**

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

7-ാം വർഷം

2021
നവംബർ 6


പള്ളിക്കൂദാശ രണ്ടാം ഞായർ



# സ്നേഹത്തിന്റെ സാബത്തുകൾ

1 രാജ 8:22-29, ഹെബ്രെ 8:1-6, മത്താ 12:1-13

കുറച്ചു വർഷങ്ങൾക്ക് മുൻപ് ഇടവക പള്ളിയിൽ പന്ത്രണ്ടാം ക്ലാസ്സിലെ കുട്ടികൾക്ക് യാത്രയയപ്പ് നൽകുന്നതിനോടനുബന്ധിച്ചു കുട്ടികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ഉച്ച ഭക്ഷണം നൽകി. മകൻ പന്ത്രണ്ടാം ക്ലാസ്സിൽ ആയിരുന്നതിനാൽ ഞങ്ങളും പങ്കെടുത്തു. വിരുന്നിനു ശേഷവും ഇഷ്ടം പോലെ ഭക്ഷണം ബാക്കിയുണ്ടായിരുന്നു. അത് ഏതെങ്കിലും ബാലഭവനിലോ മറ്റോ എത്തിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതു കേട്ടു കൊണ്ടാണ് ഞങ്ങൾ അവിടെ നിന്നും ഇറങ്ങിയത്. താഴെ വന്ന് സംസാരിച്ചു നിന്നപ്പോൾ 2 കൊച്ചു കുട്ടികൾ ഒരു പാത്രവും പിടിച്ചു അവിടേയ്ക്ക് വന്നു. ബാല ഭിക്ഷാടനം കേരളത്തിൽ വ്യാപകമായി നടക്കുന്നുവെന്നും അത് തടയാൻ നമ്മൾ കരുതിയിരിക്കണമെന്നും, അതിനെ പ്രോത്സാഹിപ്പിക്കരുതെന്നും മാധ്യമങ്ങളിൽ വാർത്തകളും, പോസ്റ്ററുകളും, ചർച്ചകളും ഒക്കെ നിറഞ്ഞു നിന്നിരുന്ന സമയമായിരുന്നു അത്. ഈ മാധ്യമ ബോധം നിറഞ്ഞുനിന്നിരുന്ന എന്റെ മനസ്സിൽ ആ കുട്ടികളെ കണ്ടപ്പോൾ സാമൂഹിക പ്രതിബദ്ധത ഉണർന്നു. ഞാൻ അവരോടു ചോദിച്ചു, "ആരാണ് നിങ്ങളെ ഇങ്ങോട്ട് പറഞ്ഞു വിട്ടത്? നിങ്ങളുടെ മാതാപിതാക്കൾ എവിടെ? നിങ്ങൾ തനിച്ച് എങ്ങനെ ഇവിടെ എത്തി..?" കുട്ടികൾ ഒന്നും മിണ്ടിയില്ല. കുറച്ചു നേരം കൂടി അവർ അവിടെ ചുറ്റിപ്പറ്റി നിന്നു. ഞങ്ങൾ പള്ളിയിൽ നിന്നും പോരികയും ചെയ്തു. അപ്പോൾ ഭർത്താവ് എന്നോട് ചോദിച്ചു, "അവിടെ ഇഷ്ടം പോലെ ഭക്ഷണം ബാക്കിയുണ്ടല്ലോ? അവർക്ക് ആരെങ്കിലും ഭക്ഷണം കൊടുക്കുമായിരുന്നില്ലേ?" അത് ശരിയാണല്ലോ എന്ന് മനസ്സിൽ തോന്നിയെങ്കിലും സ്വയം ന്യായീകരിച്ചു കൊണ്ട് ഞാൻ പറഞ്ഞു. "അങ്ങനെ കുട്ടികളെ കൊണ്ട് ഭിക്ഷ എടുപ്പിക്കാൻ പാടില്ല. നമ്മൾ അതിനെ പ്രോത്സാഹിപ്പിച്ചു കൂടാ. അവിടെ ഭക്ഷണം ഉണ്ടെന്ന് ആ കുട്ടികൾ എങ്ങനെ അറിഞ്ഞു? അവർ പൈസ ചോദിക്കാൻ ആയിരിക്കും വന്നത്. അതിനുവേണ്ടി ആരോ അവരെ പറഞ്ഞു വിട്ടതാണ്." അത്രയും പറഞ്ഞു കഴിഞ്ഞു വണ്ടി മെയിൻ റോഡിലേക്കു കയറി ഇടത്തോട്ട് തിരിഞ്ഞപ്പോൾ




ബിനി ജോസഫ്

റോഡിനപ്പുറം വലതു വശത്തെ തണൽ മരച്ചുവട്ടിൽ ഒരു അപ്പനും അമ്മയും അടുപ്പുകൂട്ടി ഒരു കലത്തിൽ വെള്ളം ചൂടാക്കുന്നത് കണ്ടു. അൽപനേരം വേണ്ടി വന്നു അത് എന്തിനാണെന്ന് എനിക്ക് മനസ്സിലാകാൻ. അപ്പോഴേക്കും വണ്ടി കുറേ ദൂരം പിന്നിട്ടിരുന്നു. എന്റെ മുൻവിധി കൊണ്ട് അബദ്ധം പറ്റിപ്പോയി എന്നെനിക്കു മനസ്സിലായി. ഒരുപക്ഷേ ആ മാതാപിതാക്കൾ ഭക്ഷണം ഉണ്ടാക്കുവാൻ ശ്രമിക്കുന്നത് കണ്ട ആരോ പള്ളിയിൽ ഭക്ഷണം ഉണ്ടെന്നു പറഞ്ഞു വിട്ടതായിരിക്കാം ആ കുഞ്ഞുങ്ങളെ... ശപിക്കപ്പെട്ട ആ നിമിഷങ്ങളെക്കുറിച്ച് പിന്നീട് ഒത്തിരി വേദന തോന്നി. ഇന്നത്തെ സുവിശേഷ ഭാഗം വായിച്ചപ്പോൾ എന്നിലെ ആ ഫരിസേയ മനോഭാവമാണ് ഓർമ്മ വന്നത്..

## എന്താണ് ഫരിസേയ മനോഭാവം?

കാലഹരണപ്പെട്ട നിയമങ്ങളേയും, പാരമ്പര്യങ്ങളേയും, പ്രബോധനങ്ങളേയും അക്ഷരാർത്ഥത്തിൽ മുറുകെപ്പിടിക്കുകയും, ദുർവ്യാഖ്യാനിക്കുകയും, തങ്ങളുടെ തന്നെ സ്വാർത്ഥാഭിലാഷങ്ങളെ എല്ലാവരുടെയും മേൽ അടിച്ചേൽപ്പിക്കുകയും ചെയ്യുകയാണ് ഫരിസേയരുടെ രീതി. തങ്ങളുടെ തെറ്റുകൾ മറച്ചു വച്ച് കൊണ്ട് അല്ലെങ്കിൽ സ്വയം ന്യായീകരിച്ചുകൊണ്ട്, മറ്റുള്ളവരുടെ ചെറിയ തെറ്റുകളെ പെരുപ്പിച്ചു കാണിക്കുകയും അവരെ പരിഹസിക്കുകയും, തരം താഴ്ത്തുകയും, അകറ്റി നിർത്തുകയും ചെയ്യുന്നതിനെയാണ് ഫരിസേയ മനോഭാവം എന്ന് വിളിക്കുന്നത്.

നമുക്കിഷ്ടമില്ലാത്തവരുടെ പ്രവൃത്തികളെ സൂക്ഷ്മമായി പരിശോധിച്ച് കുറ്റം കണ്ടെത്തുകയും, വിധിക്കുകയും ചെയ്യുന്ന നമ്മളിലുമില്ലേ ഈ ഫരിസേയ മനോഭാവം? സ്വയം നീതീകരിക്കാനും, ഇഷ്ടമുള്ളവരെ ന്യായീകരിക്കുവാനും ഈ കാലഘട്ടത്തിലും നാം നിയമങ്ങളേയും, പാരമ്പര്യങ്ങളേയും മാത്രമല്ല, യേശുവിന്റെ വചനങ്ങളെ തന്നെയും അവനവന് വേണ്ട രീതിയിലേക്ക് വളച്ചൊടിക്കുന്നു.

യേശുവിലും ശിഷ്യന്മാരിലും ഉള്ള കുറ്റങ്ങളും നിയമലംഘനങ്ങളും കണ്ടെത്താൻ അവരെ നിരീക്ഷിച്ചുകൊണ്ട് അനുഗമിക്കുന്ന ഫരിസേയർ അവരുടെ പ്രവൃത്തികളെ നിയമത്തിന്റെ ഇഴകീറി പരിശോധിച്ചുകൊണ്ട് വിമർശിക്കുകയാണ്. കതിരുകൾ കൈകൊണ്ട് പറിച്ചു തിന്നാൻ നിയമം അനുവദിച്ചിട്ടുണ്ട്. (നിയമാവർത്തനം 23:25) എന്നാൽ സാബത്തിൽ കതിരുകൾ പറിച്ചു തിന്നു (കൊയ്തു ) എന്നതാണ് ആരോപണം. സാബത്തിൽ ഭക്ഷിക്കാം. വേല ചെയ്യരുത് എന്നാണ് നിയമം. നിയമ നിഷേധം ദൈവനിഷേധവും അതുവഴി പാപവുമാണ് എന്നതാണ് ഫരിസേയരുടെ കണ്ടെത്തൽ.

ഫരിസേയർ സ്വന്തം പ്രവൃത്തികളെ ന്യായീകരിക്കാനും മറ്റുള്ളവരെ കുറ്റം വിധിക്കാനും ഉതകുന്ന വിധത്തിൽ നിയമങ്ങളെ ദുരുപയോഗം ചെയ്യാൻ തുടങ്ങിയപ്പോൾ, നിയമങ്ങൾ നൽകുക വഴി ദൈവം ആഗ്രഹിച്ച നന്മയേക്കാളും, ദൈവീക സ്നേഹത്തേക്കാളും ഉപരിയായി സാധാരണ ജനത്തിനു ഒട്ടേറെ ക്ലേശം നൽകുന്ന ഒന്നായി അതു മാറി. സാബത്തിൽ നിന്നും ദൈവസ്നേഹം എടുത്തുമാറ്റിയ യഹൂദപ്രമാണികളുടെ സ്വാർത്ഥതയ്ക്കും സ്നേഹരാഹിത്യത്തിനും എതിരായാണ് യേശു പ്രതികരിച്ചത്. എങ്കിലും യേശു അവരുടെ ആരോപണത്തെ നിഷേധിക്കുകയല്ല ചെയ്തത്. മറിച്ച് ദാവീദും അനുചരന്മാരും നിയമപരമായി നിഷേധിക്കപ്പെട്ട അപ്പം വാങ്ങി ഭക്ഷിക്കുന്നതും, സാബത്ത് ദിവസം പുരോഹിതന്മാർ നിയമം ലംഘിക്കുകയും അതേസമയം കുറ്റമറ്റവരായിരിക്കുകയും ചെയ്യുന്നതും ചൂണ്ടിക്കാണിച്ചുകൊണ്ട് നിയമത്തെ നിയമം കൊണ്ട് തന്നെ നേരിട്ടു. ബലിയല്ല കരുണയാണ് ഞാനാഗ്രഹിക്കുന്നത് എന്ന സർവ്വോത്കൃഷ്ട നിയമവും യേശു ഉദ്ധരിക്കുന്നു.

യേശു വാദിക്കുന്നത് തനിക്ക് വേണ്ടിയല്ല, ശിഷ്യന്മാർക്ക് വേണ്ടിയാണ്. സ്വന്തം അവകാശത്തെക്കുറിച്ചല്ല, മനുഷ്യാവകാശത്തെക്കുറിച്ചാണ്. മനുഷ്യപുത്രൻ സാബത്തിന്റെയും കർത്താവാണ് എന്ന് പറയുമ്പോൾ യേശു പറഞ്ഞുവയ്ക്കുന്നത് സാബത്ത് മനുഷ്യനെ ശിക്ഷിക്കാൻ ഉള്ളതല്ല, രക്ഷിക്കാൻ ഉള്ളതാണ് എന്നാണ്. മനുഷ്യ ജീവനെ വില കുറച്ചു കാണിക്കുന്ന യാതൊരു നിയമവും ദൈവം നല്കിയിട്ടില്ല. ഇത്തരത്തിൽ വ്യാഖ്യാനിക്കപ്പെട്ട പഴയ നിയമങ്ങളെ ചോദ്യം ചെയ്തുകൊണ്ട് അതിനെ പൊളിച്ചെഴുതുന്ന സ്നേഹത്തിന്റെ പുതിയ സുവിശേഷം ആണ് യേശു രചിച്ചത് .

## പ്രത്യാശയുടെ ചക്രവാളം തുറക്കുന്നു

യേശുവിന്റെ സ്നേഹം പ്രത്യാശയുടെ ചക്രവാളത്തെ തുറക്കുന്നതായിരുന്നു എന്നാണ് ഫ്രാൻസിസ് മാർപാപ്പ പറയുന്നത്. ഈ സ്നേഹമാണ് നമ്മെ ദൈവജനം ആക്കിയത്. അതാണ് തിരുസഭ. യേശുക്രിസ്തുവിന്റെ പെരുമാറ്റവും ഹൃദയവും പ്രതിഫലിപ്പിക്കുന്നവൻ ആകണം ക്രിസ്ത്യാനി.

ക്രിസ്തുവിനെ സ്നേഹിക്കാനും, ക്രിസ്തുവിൽ പരസ്പരം സ്നേഹിക്കാനും, സഭാ മക്കളായ നാം വിളിക്കപ്പെട്ടിരിക്കുന്നു. ക്രിസ്ത്യാനിയായി വിളി സ്വീകരിച്ച നമ്മുടെ ഹൃദയം കുരിശിൽ വെളിപ്പെടുത്തപ്പെട്ട ക്രിസ്തുവിന്റെ സ്നേഹത്താൽ രൂപാന്തരപ്പെടുകയും, അതുവഴി ശത്രുക്കളെ സ്നേഹിക്കാനും നമ്മെ ദ്രോഹിക്കുന്നവരോട് ക്ഷമിക്കാനും നമ്മളെ പ്രാപ്തരാക്കുകയും ചെയ്യേണ്ടതാണ്. പാപിനിയായ സ്ത്രീയോടും, നല്ല കള്ളനോടും, സമരിയാക്കാരി സ്ത്രീയോടും കരുണ കാണിച്ച യേശു മറ്റുള്ളവരോട് അനുകമ്പയുള്ളവരായിരിക്കാൻ നമ്മെ പഠിപ്പിക്കുന്നു.

പാർശ്വവൽക്കരിക്കപ്പെട്ടവരോട് പക്ഷം ചേരാനും, മനുഷ്യർ തമ്മിലുള്ള ഐക്യം നിലനിർത്താനും, സാമൂഹ്യ നന്മയും, പങ്കാളിത്തവും ഉറപ്പുവരുത്താനും ദൈവമക്കൾ എന്ന നിലയിൽ മുൻപിൽനിന്ന് പ്രവർത്തിക്കാൻ നമുക്ക് ബാധ്യതയുണ്ട്. എന്നാൽ ആധുനിക ലോകത്ത് മനുഷ്യ ജീവന്റെ അന്തസ്സ് സംരക്ഷിക്കുന്നതിനുള്ള പരിശ്രമങ്ങൾ ഒട്ടേറെ ചെറുത്തുനിൽപ്പുകൾ നേരിടുന്നുണ്ട്. പാവപ്പെട്ടവരോടു പക്ഷം ചേരുകയും, സത്യത്തിനും, നീതിക്കും വേണ്ടി ഭരണാധികാരികളുടെ മുൻപിൽ ശബ്ദമുയർത്തുകയും ചെയ്താൽ ഒരുപക്ഷേ നാം ഭരണാധികാരികളുടെ അപ്രീതിക്ക് പാത്രമായേക്കാം.. അവർ നമ്മെ നിശബ്ദരാക്കി ജയിലിലടച്ചേക്കാം.. പീഡാസഹനങ്ങളും മരണവും തന്നെ ഏറ്റു വാങ്ങേണ്ടിയും വന്നേക്കാം. പാവപ്പെട്ട ആദിവാസികൾക്കുവേണ്ടി പോരാട്ടങ്ങൾ നടത്തിയ വന്ദ്യവയോധികനായ പുരോഹിതനെ നിശബ്ദനാക്കി ജയിലിലടച്ച് പീഡിപ്പിച്ചു കൊലപ്പെടുത്തിയ സംഭവം ഏറ്റവും അടുത്ത കാലത്ത് ഇതിനൊരു ഉദാഹരണമായി നമുക്കു മുന്നിൽ ഉണ്ട്.

## വിശക്കുന്നവന് അപ്പം നൽകുക

വിശക്കുന്നവന് ഭക്ഷണം നൽകുക എന്നതിനേക്കാൾ വലിയ സത്കൃത്യം ഇല്ല. പാവപ്പെട്ടവന് അപ്പം വിളമ്പാതെ, അർഹിക്കുന്ന പ്രതിഫലം നൽകാതെ

ആചാരം വിളമ്പുന്ന ഫരിസേയർ ഇന്നും നമുക്കിടയിലുണ്ട്. ഓടി രക്ഷപ്പെടുന്ന ദാവീദിന് അപ്പം കൊടുത്ത പുരോഹിതനേയും കുടുംബത്തേയും സാവൂൾ കൊന്നു. വയറിന്റെ കത്തലടക്കാൻ അല്പം അരി മോഷ്ടിച്ച മാനസികാസ്വാസ്ഥ്യമുള്ള മധുവിനെ ആൾക്കൂട്ടം തല്ലിക്കൊന്നതു നമ്മുടെ ഈ കൊച്ചുകേരളത്തിൽ ആണ്. നമ്മുടെ രാജ്യത്തു നമുക്ക് അപ്പം നൽകാൻ പണിയെടുക്കുന്ന കർഷകർ അവഗണിക്കപ്പെടുമ്പോൾ, കൊല്ലപ്പെടുമ്പോൾ ചരിത്രം ആവർത്തിക്കുന്നുണ്ട്.

ജനസംഖ്യയുടെ പാതിയിലേറെ വരുന്ന കർഷകരെ സംബന്ധിച്ചിടത്തോളം കൃഷി എന്നത് ഒരു തൊഴിൽ മാത്രമല്ല. മറിച്ചു ജീവിത ശൈലിയും സംസ് കാരവുമാണ്. എന്നാൽ നിർഭാഗ്യകരമെന്ന് പറയട്ടെ, ലോകത്തിലെ ഏറ്റവും ദാരിദ്ര്യം അനുഭവിക്കുന്ന ജനങ്ങളുടെ മൂന്നിലൊന്നു ഭാഗവും ഇന്ത്യയിലാണ്. കാർഷിക വിളകളെ മൊത്തമായി ഏറ്റെടുത്തുകൊണ്ട്, അവയുടെ വിലയിടിച്ചു കൊണ്ട് കർഷകരെ ചൂഷണം ചെയ്യുന്ന, ഇടനിലക്കാർക്ക് ഓശാന പാടുന്ന സർക്കാരിനെതിരെ ശബ്ദമുയർത്താനും കർഷകരോട് പക്ഷം ചേരാനും നമുക്ക് കടമയുണ്ട്.

സ്വന്തം സഹോദരൻ പട്ടിണി കിടക്കുമ്പോഴും അവനെ തിരിഞ്ഞു നോക്കാതെ പേരെടുക്കാൻ വേണ്ടി പള്ളിക്കും, സംഘടനകൾക്കും, രാഷ്ട്രീയപ്പാർട്ടികൾക്കും വാരിക്കോരി കൊടുക്കുന്നവർ, തട്ടിപ്പും വെട്ടിപ്പും നടത്തി കോടികൾ ഉണ്ടാക്കി, ആ കോടികൾ കൊണ്ട് ആർഭാടങ്ങളിൽ അഭിരമിക്കുന്നവർ, പ്രശസ്തി ഉണ്ടാക്കുന്നവർ, തിരുനാളുകളും, കൊട്ടിഘോഷങ്ങളും നടത്തുന്നവർ, സ്വർണ്ണ കുരിശുകൾ സംഭാവന ചെയ്യുന്നവർ എന്നിങ്ങനെ ഒട്ടേറെ ആളുകൾ നമുക്കിടയിലുണ്ട്. ഇരുട്ടത്ത് സൂര്യനുദിച്ചാൽ തലയിൽ മുണ്ടിട്ട് നടക്കേണ്ടി വരുന്ന അഭിനവ വിശുദ്ധന്മാർ. ആചാരങ്ങൾക്ക് പ്രാധാന്യം നൽകുന്ന ഇവരെല്ലാം ഇപ്പോഴും വളരെ ഭംഗിയായി സാബത്ത് ആചരിക്കുന്നവരുടെ മുൻനിരയിൽ ഉണ്ട്. എന്നാൽ വിശക്കുന്ന മനുഷ്യനെ സ്നേഹിക്കാതെയുള്ള സാബത്ത് ആചരണം വ്യർത്ഥമാണെന്ന്, അപഹാസ്യമാണെന്ന് യേശു പറഞ്ഞു വയ്ക്കുന്നുണ്ട്.



മനുഷ്യന്റെ ജീവൻ നിലനിറുത്തുന്നതിനും, അതിന്റെ വില സംരക്ഷിക്കുന്നതിനുമായി, എഴുതപ്പെട്ട നിയമങ്ങൾക്കു വിപരീതമായി പ്രവൃത്തിക്കേണ്ടി വന്നാൽ അത് ദൈവസന്നിധിയിൽ ന്യായീകരിക്കപ്പെടുന്നതാണ്. കർത്താവിനുവേണ്ടി മാറ്റിവയ്ക്കപ്പെട്ട ദിവസങ്ങളിൽ പോലും ജീവൻ നിലനിർത്തുന്നതിനും ഒരു മനുഷ്യജീവി എന്ന നിലയിലുള്ള വില കാത്തുസംരക്ഷിക്കുന്നതിനും സഹായിക്കുന്ന പ്രവൃത്തികൾ ചെയ്യാമെന്ന് പഠിപ്പിക്കുന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത് എന്ന വചനത്തെ അർത്ഥപൂർണ്ണമായി വ്യാഖ്യാനിച്ചിരിക്കുന്നു..

മനുഷ്യനെ മനുഷ്യനായി കാണാനും, ദൈവികമായ സ്നേഹത്തോടും, കരുണയോടും, അനുകമ്പയോടും, ആദരവോടും കൂടി പെരുമാറാനും സാധിക്കുമ്പോഴാണ് നമ്മിലെ ക്രൈസ്തവീകത പൂർണമാകുന്നത്. .

ദൈവീകമായി ചിന്തിക്കുന്ന ചില നല്ല സമരായക്കാർ പാവപ്പെട്ടവരായ സഹോദരങ്ങൾക്കു വേണ്ടി നടപ്പിലാക്കാൻ ശ്രമിക്കുന്ന പ്രസ്ഥാനങ്ങളെ ചോദ്യം ചെയ്യുന്നതും സാമ്പത്തികതയുടെ, പ്രായോഗികതയുടെ, വർഗീയതയുടെ പേരിൽ നിരുത്സാഹപ്പെടുത്തുന്നതും നമ്മിൽ ദൈവീകതയേക്കാൾ കൂടുതൽ ഫരിസേയ മനോഭാവം മുന്നിട്ടു നിൽക്കുന്നത് കൊണ്ടാണ്. ദൈവ വിശ്വാസത്തിൽ അടിയുറച്ചു നിന്ന് കൊണ്ട് അപരന് നന്മ ചെയ്യാൻ മുന്നിട്ടിറങ്ങുന്നവരെ, വിമർശിച്ചു, പിന്തിരിപ്പിക്കുന്ന നമ്മൾ ഈ കാലഘട്ടത്തിലെ ഫരിസേയർ തന്നെയല്ലേ? ഇന്ന് മനുഷ്യന്റെ നന്മയോ, സമത്വമോ, സ്വാതന്ത്ര്യമോ വിലമതിക്കാതെ നൂറ്റാണ്ടുകളായി പിന്തുടരുന്ന ആചാരാനുഷ്ഠാനങ്ങളെ പാലിക്കുക എന്നതാണ് ഏറ്റവും വലിയ ധർമ്മം എന്ന് ചിന്തിക്കുന്ന ആളുകളുടെ എണ്ണം കൂടി വരുന്നു. അതിനുവേണ്ടി ഏതറ്റം വരെയും പോകാവുന്ന രീതിയിലാണ് ചിലർ ആൾക്കൂട്ടങ്ങളെ ഇളക്കിവിടുന്നത്. ആചാരങ്ങൾക്കും നിയമങ്ങൾക്കും വേണ്ടി നിലകൊള്ളുക എന്നത് എളുപ്പമുള്ള കാര്യമാണ്.. എന്നാൽ തെറ്റായ നിയമങ്ങൾ മാറ്റാൻ ഉള്ളതാണ്.. ആചാരങ്ങൾക്ക് അപ്പുറത്തേക്ക് മനുഷ്യരിൽ ഈശ്വരനെ കാണാനും മനുഷ്യനെ സ്നേഹിക്കുന്ന അല്ലെങ്കിൽ സഹോദരന് നന്മ ചെയ്യുന്ന പ്രത്യയശാസ്ത്രം ആയി മാറാനും കഴിയുന്നില്ലെങ്കിൽ ഒരു മതവും മനുഷ്യർക്ക് ഉപകാരമില്ലാത്തതായിത്തീരുന്നു. ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്... മതമേതായാലും മനുഷ്യൻ നന്നായാൽ മതിയെന്ന ശ്രീ നാരായണ ഗുരു വചനം നമുക്ക് ഓർക്കാം.

ജാതിഭേദം, മതദ്വേഷം
ഏതുമില്ലാതെ സർവരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാക്കി മാറ്റാൻ
നമുക്ക് പ്രയത്നിക്കാം...

മറ്റുള്ളവരെ തങ്ങളേക്കാൾ ശ്രേഷ്ഠരായി കരുതുന്ന രക്ഷകനായ യേശുക്രിസ്തുവിന്റെ മനോഭാവത്തിൽ വളർന്ന് സ്നേഹത്തിന്റെ, നിത്യ രക്ഷയുടെ സമൃദ്ധമായ ഫലങ്ങൾ നിരന്തരം പുറപ്പെടുവിക്കാൻ നമുക്കോരോരുത്തർക്കും കഴിയട്ടെയെന്ന് പ്രാർഥിക്കുന്നു. നന്ദി.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com